# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 199 06.01.2014-ൽ മറുപടിയ്ക്ക്**

**<u>കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം</u>**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീമതി. കെ. കെ. ലതിക<br>ശ്രീ. റ്റി. വി. രാജേഷ്<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം രാഷ്ട്രീയ പ്രതിയോഗികളെ നേരിടുന്നതിനു വിയോജിപ്പുള്ളവരെ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനും ഉപയോഗിക്കുന്നത് അവസാനിപ്പിക്കുമോ ; ഭരണത്തിനെതിരെ ഉയരുന്ന ശബ്ദത്തെ അടിച്ചമർത്താൻ പ്രസ്തുത നിയമം ലക്ഷ്യമിട്ടുന്നുണ്ടോ ;<br><br>ബി) പ്രസ്തുത നിയമത്തിന്റെ ക്ലിപ്ത നിബന്ധനകൾ ദുർവ്യാഖ്യാനിച്ചും വ്യാജ നിർമ്മിതമായ സാക്ഷിമൊഴികളാൽ കെട്ടിച്ചമച്ച കേസ്സുകളിൽ കുടുക്കിയും ജയിലിനകത്തും നാടുകടത്തപ്പെട്ടും കഴിയുന്ന നിരപരാധികളായ വിദ്യാർത്ഥി/യുവജനങ്ങൾ ഉൾപ്പെടെയുള്ള പൊതു പ്രവർത്തകരെക്കുറിച്ച് സർക്കാരിനറിയാമോ ; | (എ) & (ബി) സംഘടിത കുറ്റകൃത്യങ്ങളും സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളും നിയന്ത്രിക്കുന്നതിനും വേണ്ട രീതിയിൽ നേരിടുന്നതിനുമാണ് കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം ലക്ഷ്യമിടുന്നത്. രാഷ്ട്രീയ പ്രതിയോഗികളെ നേരിടുന്നതിനും വിയോജിപ്പുള്ളവരെ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനും വേണ്ടി ഈ നിയമം ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. ഈ നിയമപ്രകാരം കരുതൽ തടങ്കലിൽ വയ്ക്കപ്പെടുന്നവർക്ക് ഭരണഘടനയിലെ വ്യവസ്ഥകൾ പ്രകാരമുള്ള പരിരക്ഷകൾ ഉണ്ട്. കരുതൽ തടങ്കലിന് മതിയായ കാരണമുണ്ടോ എന്ന് റിട്ട. ഹൈക്കോടതി ജഡ്ജി ചെയർമാനായുള്ള ഉപദേശക ബോർഡ് പരിശോധിച്ച് നൽകുന്ന ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് തടങ്കലിന് സ്ഥിരീകരണം നൽകുന്നത്. |
| സി) രാഷ്ട്രീയ പാർട്ടികൾ സംഘടിപ്പിക്കുന്ന പ്രക്ഷോഭത്തിലും പ്രതിഷേധത്തിലും പങ്കെടുത്തതിന്റെ പേരിൽ കുറ്റം ആരോപിക്കപ്പെട്ട നിരപരാധികളായ എല്ലാവരേയും കരുതൽ തടങ്കലിൽനിന്നും നാടുകടത്തലിൽനിന്നും ഉടൻ മോചിപ്പിക്കുമോ; ഇക്കാര്യത്തിൽ നിയമ സഭയിൽ മന്ത്രി നൽകിയ ഉറപ്പ് എന്തായിരുന്നു ; അവ നടപ്പിലാക്കുകയുണ്ടായോ ; | (സി) രാഷ്ട്രീയ പാർട്ടികൾ സംഘടിപ്പിക്കുന്ന പ്രക്ഷോഭത്തിലും പ്രതിഷേധത്തിലും പങ്കെടുത്തതിന്റെ പേരിൽ മാത്രം ആരേയും ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടില്ല. |
| ഡി) പ്രസ്തുത നിയമപ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുകയോ നാടുകടത്തുകയോ ചെയ്യപ്പെട്ടവർ എത്രയാണെന്ന് വ്യക്തമാക്കുമോ ? | (ഡി) പ്രസ്തുത നിയമ പ്രകാരം 1023 പേരെ കരുതൽ തടങ്കലിൽ വയ്ക്കുകയും 357 പേർക്കെതിരെ സഞ്ചലന നിയന്ത്രണ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ